റിപ്പോർട്ട്

അബൂ ശഹസാദ് പൊന്നാനി

# ഒരുമയുടെ സന്ദേശവുമായി ബാംഗ്ലൂർ സംഗമം




ബാംഗ്ലൂർ സംഗമത്തിൽ ജ.ഇ കേരള അസി. അമീർ എം.ഐ അബ്ദുൽ അസീസ് മുഖ്യപ്രഭാഷണം നട

**ബാംഗ്ലൂർ:** ബാംഗ്ലൂർ മലയാളി മുസ്‌ലിംകളുടെ വാർഷിക ഒത്തുചേരലാണ് റമദാൻ സംഗമം. പ്രവർത്തകരുടെ രണ്ടു മാസത്തെ കഠിനാധ്വാനവും പ്രാർഥനയുമാണ് കൂടുതൽ ആളുകൾക്ക് ഇതിന്റെ സന്ദേശം എത്തിക്കാൻ സഹായകമായത്.

അഞ്ചുവർഷത്തിലധികമായി ജ.ഇ ബാംഗ്ലൂർ മലയാളി ഘടകത്തിന്റെ കീഴിൽ സംഗമം നടന്നുവരുന്നു. കച്ചവടം, ഐ.ടി തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന പ്രവാസി മലയാളികളുടെ കക്ഷി ഭേദമന്യേയുള്ള സംഗമ വേദിയാണിത്. ഖുർആൻ സ്റ്റഡിസെന്ററുകൾ, മദ്റസകൾ, റിലീഫ് പ്രവർത്തനങ്ങൾ, സകാത്ത് സംവിധാനം തുടങ്ങിയവ വ്യവസ്ഥാപിതമായി നടന്നുവരുന്നു. ബാംഗ്ലൂരിലെ ശദാബ് ഷാദി മഹലിലായിരുന്നു പരിപാടി സംഘടിപ്പിച്ചത്. സംഗമത്തിന്റെ ഉദ്ഘാടനം ജ.ഇ ബാംഗ്ലൂർ അർബൻ ഡിസ്ട്രിക്ട് പ്രസിഡന്റ് മുഹമ്മദ്സാദ് ബെൽഗാമി നിർവഹിച്ചു. ജ.ഇ കേരള സെക്രട്ടറി എൻ.എം അബ്ദുർറഹ്മാൻ അധ്യക്ഷത വഹിച്ചു. 'കുടുംബം, ആധുനികത, ഇസ്‌ലാം' എന്ന വിഷയത്തിൽ ജ.ഇ കേരള അസി. അമീർ എം.ഐ അബ്ദുൽഅസീസ് മുഖ്യപ്രഭാഷണം നടത്തി. കുടുംബവ്യവസ്ഥിതി വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത് കുടുബത്തെ തിരിച്ചുപിടിക്കാൻ ഓരോരുത്തർക്കും കഴിയണമെന്ന് അദ്ദേഹം പറഞ്ഞു. സദാചാരത്തിന്റെയും ധാർമികതയുടെയും പാഠശാലയാണ് കുടുംബം. വ്യക്തി മാനസികമായും ബുദ്ധിപരമായും വളരുന്നത് കുടുംബത്തിലൂടെയാണ്. കുടുംബത്തെ തകർത്ത് വിപണിയെ പ്രോത്സാഹിപ്പിക്കുകയാണ് മുതലാളിത്തം. അമേരിക്കൻ

പ്രസിഡന്റ് ബറാക് ഒബാമ, കുടുംബത്തെ തിരിച്ചുപിടിക്കാൻ കുടുംബയോഗങ്ങൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പ്രപഞ്ചത്തിന്റെ അനിവാര്യതയായ കുടുംബവ്യവസ്ഥിതിയിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും ഭാരിച്ച ഉത്തരവാദിത്വമാണുള്ളതെന്നും സദാചാരബോധത്തോടെ കുട്ടികളെ വളർത്തണമെന്നും അദ്ദേഹം പറഞ്ഞു.

സംഗമത്തോടനുബന്ധിച്ച് ബാംഗ്ലൂരിലെ വിവിധ മദ്റസാ വിദ്യാർഥികളും അധ്യാപകരും ഒരുക്കിയ 'കൂടാരം' എക്സിബിഷൻ എൻ.എം അബ്ദുർറഹ്മാൻ ഉദ്ഘാടനം ചെയ്തു. 'ഖുർആനും ജീവിതവും എന്ന വിഷയത്തിൽ സോളിഡാരിറ്റി സംസ്ഥാന കൂടിയാലോചനാ സമിതിയംഗം സലിം മമ്പാട് സംസാരിച്ചു. ഐ.എൻ.എൽ ദേശീയ ജനറൽ സെക്രട്ടറി സിറാജ് ഇബ്രാഹിം സേട്ട്, മുൻ ബാംഗ്ലൂർ കോർപറേറ്റർ മുജീബ് റഹ്മാൻ, എസ്.ഐ.ഒ കർണാടക സോൺ പ്രസിഡന്റ് ഷൗക്കത്തലി, നാഷണൽ വിമൻസ് ലീഗ് പ്രസിഡന്റ് തസ്നിം ഇബ്റാഹിം, ജ.ഇ വനിതാ വിഭാഗം പ്രതിനിധികളായ ഫർഹ ഖാനം, സമീന, ജി.ഐ.ഒ പ്രസിഡന്റ് ഫർഹ എന്നിവർ പങ്കെടുത്തു. അബ്ദുൽ അഹദ് ഖിറാഅത്തും, ജനറൽ കൺവീനർ ഷാഹിർ സ്വാഗതവും, കെ.പി ശറഫുദ്ദീൻ നിർദേശങ്ങളും നൽകി. ജ.ഇ മലയാളി ഘടകം ഓർഗനൈസർ നിസാർ ഇബ്റാഹിം നന്ദി പറഞ്ഞു.